അദ്ധ്യായം നൂറ്റി അഞ്ച്

# അൽഫീൽ (ആന)

അവതരണം മക്കയിൽ, വചനങ്ങൾ 5

**അദ്ധ്യായപരിചയം.**

മക്കയിൽ അവതരിച്ച സൂക്തമാണിത്. മക്കാനിവാസികൾക്ക് സുപരിചിതമായ ഒരു ചരിത്ര സംഭവം എടുത്തുദ്ധരിച്ചു ഏകദൈവാരാധനയുടെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തുകയാണ് അല്ലാഹു ഈ സൂക്തത്തിലൂടെ ചെയ്യുന്നത്. അതിലൂടെ അവൻെറ അജയ്യശക്തിയെ സംബന്ധിച്ച് മനുഷ്യലോകത്തെ മോത്തത്തിലും ബോധ്യപ്പെടുത്തുന്നു.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِأَصْحَٰبِ ٱلْفِيلِ ﴿١﴾ أَلَمْ يَجْعَلْ كَيْدَهُمْ فِى
تَضْلِيلٍ ﴿٢﴾ وَأَرْسَلَ عَلَيْهِمْ طَيْرًا أَبَابِيلَ ﴿٣﴾ تَرْمِيهِم بِحِجَارَةٍ مِّن
سِجِّيلٍ ﴿٤﴾ فَجَعَلَهُمْ كَعَصْفٍ مَّأْكُولٍۭ ﴿٥﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ആനക്കാരോട് നിൻെറ നാഥൻ എങ്ങനെ അനുവർത്തിച്ചുവെന്ന് നീ കണ്ടില്ലേ?
2. അവരുടെ കുതന്ത്രം അവൻ പാഴാക്കിയില്ലേ?
3. അവരുടെ നേരെ അവൻ പക്ഷിക്കൂട്ടങ്ങളെ അയക്കുകയും ചെയ്തില്ലേ?
4. ചുട്ടുപഴുപ്പിച്ച കല്ലുകൾകൊണ്ട് അതവരെ എറിയുന്നു.
5. അങ്ങനെ അവൻ അവരെ കാലികൾ ചവച്ചരച്ച കച്ചിത്തുരുമ്പുപോലെയാക്കി.

**വിശദീകരണം:**

ചില കാര്യങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്താൻ അവർക്ക് സുപരിചിതമായ സംഗതികളെ സംബന്ധിച്ച ചോദ്യം ഉന്നയിച്ചുകൊണ്ടാണ് വിഷയം തുടങ്ങുക എന്ന ശൈലിയാണ് ഖുർആൻ ചിലപ്പോഴൊക്കെ സ്വീകരിച്ചിട്ടുള്ളത്.

ഇവിടെ പരാമർശിച്ച കഅ്ബയെ നശിപ്പിക്കാൻ വന്ന അബ്റഹത്തിൻെറ ചരിത്രം അറബികൾക്ക് അപരിചിതമായിരുന്നില്ല.

കഅ്ബാമന്ദിരത്തെ പൊളിച്ചുകളയാൻ യമനിൽനിന്ന് അബ്റഹത്ത് എന്ന ഭരണാധികാരി അബ്സീനിയൻ രാജ്യത്തിൻെറ സഹായത്തോടെ തൻെറ അറുപതിനായിരം ഭടന്മാരടങ്ങിയ ആനപ്പടയോടൊപ്പം മക്കയിലേക്ക് പുറപ്പെട്ടു. ഈ സംഭവത്തിനു പിന്നിൽ രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളുണ്ടായിരുന്നു. അറബികളുടെ കച്ചവടമാർഗവും അതിലൂടെ അവരുടെ സാമ്പത്തിക ശേഷിയും നശിപ്പിക്കുകയായിരുന്നു പ്രധാന ലക്ഷ്യം. അതിന് ഖുറൈശികളുടെ നാടുനീളെയുള്ള സ്വീകാര്യതക്ക് കാരണമായ കഅ്ബയെ നശിപ്പിക്കുകയെന്നതായിരുന്നു അയാൾ കണ്ട മാർഗം.

ക്രിസ്തുവർഷം 570 ലാണ് ഈ സംഭവം നടന്നത്. അറുപതിനായിരം ഭടന്മാരടങ്ങിയ ആനപ്പടയെ തോല്പിക്കുക അറബികൾക്ക് സാധ്യമായിരുന്നില്ല. അതിനാൽ തന്നെ കഅ്ബയുടെ നാഥനായ ഏകദൈവം തന്നെ അതിനെ സംരക്ഷിക്കുമെന്ന് അവർ വിശ്വസിക്കുകയും അതിനായി അവനോട് അവർ പ്രാർഥിക്കുകയും ചെയ്തു.

അബ്റഹത്ത് തൻെറ സൈന്യവുമായി മക്കയിലേക്ക് പുറപ്പെട്ടു. അവർ മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ അല്ലാഹു അവരുടെ നേരെ ശിക്ഷ അയച്ചു. അവൻ അവരുടെ നേരെ അബാബീൽ എന്ന പക്ഷിക്കൂട്ടത്തെ അയച്ചു. അവ ആകാശത്തു നിന്നും ചുട്ടുപഴുത്ത കളിമൺ കല്ലുകൾ കൊണ്ട് അവരെ എറിഞ്ഞു. അവയുടെ ആക്രമണത്തിനു മുമ്പിൽ സൈന്യം ചിതറിയോടി. കല്ലുകൾ അവരുടെ ശരീരത്തെ ഛിന്നഭിന്നമാക്കി. അതാണ് കാലികൾ ചവച്ചരച്ച വൈക്കോൽ പോലെ എന്ന വചനം കൊണ്ട് ഉദ്ദേശിക്കു ന്നത്. അല്ലാഹുവിൻെറ അജയ്യതക്കുള്ള തെളിവാണിത്.